

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പെരുമ്പളം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി/ പി4/1410/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 23/12/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുമ്പളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി4/1410/2025 തീയ്യതി: 23/12/2025

ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സജിതാ ദാസ്	ഡെപ്യൂട്ടി ഡയറക്ടർ	20-11-2025	28-11-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
20-11-2025	28-11-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പുഷ്പരാജ്.വി.കെ, ഓഡിറ്റ് ഓഫീസർ
ശ്രീ.റോയ്.റ്റി.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകാന്ത്.സി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

അഡ്വ. വി വി ആശ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി ദീപ്തി നായർ	സെക്രട്ടറി	01-04-2024	25-10-2024
ശ്രീ.മധു.കെ.പി	സെക്രട്ടറി	26-10-2024	29-10-2024
ശ്രീ.പി.ആർ.സജി	സെക്രട്ടറി	30-10-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.വർഷ ബാബു	കൃഷി ഓഫീസർ	01-04-2024	31-03-2025
ഡോ.സേതുമാധവൻ.കെ.ആർ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	01-04-2024	31-03-2025
ഡോ. ലിഞ്ചു കെ കരുൺ	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2024	31-10-2024
ഡോ.ദീപക്.കെ	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-11-2024	31-03-2025
ഡോ. ജിജിമോൾ ആർ	മെഡിക്കൽ ഓഫീസർ, ആയൂർവേദം	01-04-2024	31-03-2025
ശ്രീമതി.ഗോപിക സുരേഷ് ബാബു	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീ.അരുൺദാസ്.വി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നോർത്ത് സർക്കിൾ	01-04-2024	31-03-2025
ശ്രീമതി.അജി.കെ .ഡി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, സൌത്ത് സർക്കിൾ	01-04-2024	31-03-2025
ശ്രീമതി. അനീസ സുരേന്ദ്രൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2024	31-03-2025
ശ്രീമതി.സൗമ്യ.എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീമതി.ദീപ്തി ജെയിംസ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീ.മധു.കെ.പി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ഡോ.ധന്യ.വി.ഐ	വെറ്റിനറി സർജൻ	01-04-2024	31-03-2025
ശ്രീ.ബിജു.എസ്	ഹെഡ്മാസ്റ്റർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രിക - ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല.	1-1-2
4	ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ക്രെഡിറ്റ് ചെയ്യപ്പെടുന്ന തുക യഥാസമയം ക്രമീകരിക്കുന്നില്ല	1-1-3
5	വാർഷിക കണക്കും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല	1-1-4
6	എം.ജി.എൻ.ആർ.ഇ.ജി.എസ്- വരവ് ചെലവുകൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല	1-1-5
7	ഹെൽത്ത് ഗ്രാന്റ് -വരവ് ചെലവുകൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല	1-1-6
8	അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ ശരിയായി എഴുതി സൂക്ഷിക്കുന്നില്ല	1-1-7
9	ഗ്രാന്റുകൾ- ബാധ്യതയ്ക്ക് തത്തുല്യമായ നീക്കിയിരിപ്പല്ല അക്കൗണ്ടിൽ അവശേഷിക്കുന്നത്	1-1-8
10	യഥാസമയം ഡിമാന്റ് എൻട്രി വരുത്തുന്നില്ല	1-1-9
11	തെറ്റായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തി	1-1-10
12	ജീവനക്കാരുടെ തൊഴിൽ നികുതി -വാർഷിക കണക്കും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല	1-1-11
13	തെറ്റായ ശീർഷകത്തിൽ വരവ് രേഖപ്പെടുത്തുന്നു	1-1-12
14	പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന സ്ഥലം ആസ്തിയായി ഉൾപ്പെടുത്തുന്നില്ല	1-1-13
15	ബജറ്റ്	1-2
16	സാമ്പത്തിക വിശകലനം	1-3
17	ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ	1-4-1
18	ഗ്രാന്റ് വിനിയോഗം (വാർഷിക കണക്ക് പ്രകാരം)	1-4
19	പദ്ധതി അവലോകനം	1-5
20	തൊഴിലുറപ്പ് പദ്ധതി	1-6
21	ക്ഷേമ പദ്ധതികൾ	1-7
22	ക്യാഷ് വെരിഫിക്കേഷൻ	1-8
23	ആഭ്യന്തര നിയന്ത്രണം	1-9
24	ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച വസ്തു പോക്കുവരവ് നടത്തി കരം ഒടുക്കുന്നതിന്റെ രേഖകൾ ഹാജരാക്കിയില്ല	1-10
25	ഹോമിയോ ആശുപത്രിയ്ക്ക് ടോയ്ലറ്റ് - കൃത്യമായ നിരക്കിൽ പിഴ ഈടാക്കിയില്ല.	1-11
26	പച്ചക്കറി കൃഷി -സബ്സിഡി മാർഗരേഖയിൽ നിഷ്കർഷിച്ചതിലധികം തുക ധനസഹായം നല്കി	1-12
27	കൃഷി ഓഫീസ് നവീകരണം - റീടെൻഷൻ തുക കുറവ് ചെയ്യാതെ കരാറുകാരന് അധികം തുക നൽകി	1-13
28	മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതി നടപ്പിലാക്കി	1-14
29	വനിത മൽസ്യതൊഴിലാളികൾക്കുള്ള ഐസ്ബോക്സുകൾ വിതരണം	1-15

	ചെയ്തില്ല	
30	വാട്ടർ പ്യൂരിഫയർ കൈപ്പറ്റ് വിവരം ഹാജരാക്കിയില്ല	1-16
31	ആദായ നികുതി സ്രോതസിൽ കുറവ് ചെയ്തില്ല	1-17
32	ടേക്ക് എ ബ്രേക്ക് നിർമ്മാണം - പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചില്ല	1-18
33	ലൈഫ് ഭവന പദ്ധതി-മുൻകൂർ കൈപ്പറ്റി ദീർഘനാളായിട്ടും പണി ആരംഭിച്ചില്ല	1-19
34	പ്രോജക്ട് ചെലവുകൾ പൂർണമായും സുലേഖയിൽ നിന്നുള്ള പ്ലാൻ എക്സ്പന്റീച്ചറിൽ ഉൾപ്പെടുത്തുന്നില്ല	1-20
35	സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷിയ്ക്ക് നിലമൊരുക്കൽ	1-21
36	ഹെൽത്ത് ഗ്രാന്റ് -അവലോകനം	1-22
37	ജലജീവൻ മിഷൻ പദ്ധതി നടത്തിപ്പ് - അവലോകനം	1-23
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	പച്ചക്കറി കൃഷി -സബ്സിഡി മാർഗരേഖയിൽ നിഷ്കർഷിച്ചതിനേക്കാൾ അധികം തുക അനുവദിച്ചു	3-1
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികളുടെ വിവരം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-4
5	വായ്പ /വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 14.07.2025-ലെ കമ്മറ്റി 4(1)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 14.07.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പെരുമ്പളം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി പെരുമ്പളം ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടങ്ങൾ, 2011, 62(2) (ഇ), (എഫ്) എന്നിവ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം.1/24.09.2025) മറുപടി ലഭ്യമാക്കിയില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രിക - ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ ആകെ ക്യാഷ് ഫ്ലോയും (₹10940598/-) അതേ പത്രികയിലെ മുന്നിരുപ്പും നീക്കിയിരുപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും [₹1389858/-] പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം.2/24.11.2025) മറുപടി ലഭ്യമാക്കിയില്ല.

1-1-3 ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ക്രെഡിറ്റ് ചെയ്യപ്പെടുന്ന തുക യഥാസമയം ക്രമീകരിക്കുന്നില്ല

പെരുമ്പളം ഗ്രാമ പഞ്ചായത്തിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, പെരുമ്പളം (57055891750) എന്ന അക്കൌണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഡയറക്ടലി ക്രഡിറ്റഡ് ബൈ ബാങ്ക് എന്നതിൽ 18.01.2025 തീയതി രേഖപ്പെടുത്തി 23,323/-രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി ഒത്തുനോക്കി പൊരുത്തപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞിട്ടുണ്ട്. സാമ്പത്തിക വർഷം അവസാനിച്ചിട്ടും മേൽ പട്ടികയിൽ ഉൾപ്പെട്ട തുകകൾ ക്രമീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

1-1-4 വാർഷിക കണക്കും സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല

A)വാർഷിക കണക്ക് പ്രകാരം Development Fund -General ഇനത്തിൽ ചെലവഴിക്കുന്നതിനായി പിൻവലിക്കപ്പെട്ട തുക 42,91,859/-രൂപയാണ് (ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6-5733206, Capital Contribution-1902304) എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ഈയിനത്തിലുള്ള ചെലവ് 73,47,668/-രൂപ മാത്രമാണെന്ന് കാണുന്നു.

B)വാർഷിക കണക്ക് പ്രകാരം Central Finance Commission Grant- Basic Grant, Performance Grant, Tied Fund എന്നീ ഇനങ്ങളിൽ ആകെ ചെലവഴിക്കുന്നതിനായി പിൻവലിക്കപ്പെട്ട തുക 51,40,749/-രൂപയാണ് (880534 + 142482 + 2682768 + 922301 + 512664). എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ഈയിനത്തിലുള്ള ചെലവ് 51,07,188/-രൂപ എന്ന് കാണുന്നു.

1-1-5 എം.ജി.എൻ.ആർ.ഇ.ജി.എസ്- വരവ് ചെലവുകൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല

ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-14(f) പ്രകാരം Administrative Expenses-Mahatma Gandhi NREGA എന്നയിനത്തിൽ 4,58,46,202/-രൂപയുടെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ തൻവർഷം ഈയിനത്തിലുള്ള ആകെ ചെലവ് 19,52,388/-രൂപ മാത്രമാണ്. വേതനം ഇനത്തിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കിയ തുകയും അഡ്മിനിസ്ട്രേറ്റീവ് ചെലവിൽ ഉൾപ്പെടുത്തിയതായി കാണുന്നു.

ഇതു കൂടാതെ എം.ജി.എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ 2024-25 വർഷത്തെ ഫിനാൻഷ്യൽ പെർഫോമൻസ് റിപ്പോർട്ട് പ്രകാരമുള്ള ആകെ വരവ് ചെലവുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

1-1-6 ഹെൽത്ത് ഗ്രാന്റ് -വരവ് ചെലവുകൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല

A) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിക്കുന്ന തുകകൾ അക്കൗണ്ട് ചെയ്യുന്നതിന് 320100202-Grants For Specific Purposes - Health Grant Towards Support For Diagnostic Infrastructure To The PHCs, 320100204-Grants For Specific Purposes - Health Grant Towards Conversion Of PHCs And Subcentres In To Health And Wellness Centres എന്നിങ്ങനെ ഹെഡുകൾ ലഭ്യമായിരുന്നിട്ടും അവ യഥാക്രമം National Health Mission, National Rural Health Mission എന്നീ ഹെഡുകളിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

B) ഹെൽത്ത് ഗ്രാന്റിനത്തിൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള വരവ് ചെലവുകൾ ബാങ്ക് പാസ്ബുക്കുമായി ഒത്തു നോക്കിയതിൽ താഴെപ്പറയും പ്രകാരമുള്ള വ്യത്യാസം ഉള്ളതായി കാണുന്നു.

ക്രമ നം.	ഇനം	വരവ്		ചെലവ്	
		വാർഷിക കണക്ക് പ്രകാരം	ബാങ്ക് പാസ്ബുക്ക് പ്രകാരം	വാർഷിക കണക്ക് പ്രകാരം	ബാങ്ക് പാസ്ബുക്ക് പ്രകാരം
1	National Health Mission (സ്കീം-3)	429000	256338	524496	351884
2	National Rural Health Mission (സ്കീം-4)	250407	437014	162392	348999

1-1-7 അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ ശരിയായി എഴുതി സൂക്ഷിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവയിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. തന്മൂലം ഈയിനങ്ങളിൽ വാർഷിക കണക്കിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

1-1-8 ഗ്രാന്റുകൾ- ബാധ്യതയ്ക്ക് തത്തുല്യമായ നീക്കിയിരിപ്പല്ല അക്കൗണ്ടിൽ അവശേഷിക്കുന്നത്

A)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ (ടൈഡ്, അൺടൈഡ്) അവശേഷിക്കുന്ന ബാധ്യത 34,33,683/-രൂപയാണ്. എന്നാൽ ഈ ആവശ്യത്തിനായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ [STATE BANK OF INDIA (38340195091)] 35,73,206/-രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു.

B)ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats എന്നയിനത്തിൽ 3,07,468/-രൂപയുടെയും, Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats എന്നയിനത്തിൽ 1,53,526/-രൂപയുടെയും ബാധ്യത രേഖപ്പെടുത്തി കാണുന്നു. എന്നാൽ ഈ ആവശ്യത്തിനായി ആരംഭിച്ചിട്ടുള്ള ട്രഷറി അക്കൗണ്ടിൽ [Treasury Joint Venture Project (799011400001876)] തത്തുല്യമായ തുക നീക്കിയിരിപ്പുള്ളതായി കാണുന്നില്ല.

1-1-9 യഥാസമയം ഡിമാന്റ് എൻട്രി വരുത്തുന്നില്ല

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല. 31.03.2025-ൽ മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-10 തെറ്റായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തി

ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-10 പ്രകാരം 210200212- Spectacle Allowance എന്ന ശീർഷകത്തിൽ 1,47,346/-രൂപയുടെ ചെലവ് രേഖപ്പെടുത്തി കാണുന്നു. എന്നാൽ ഈ തുക 100% നികുതി പിരിവിനുള്ള റിവാർഡ് ഇനത്തിലുള്ള ചെലവാണെന്ന് കാണുന്നു.

1-1-11 ജീവനക്കാരുടെ തൊഴിൽ നികുതി -വാർഷിക കണക്കും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ ആകെ ഡിമാന്റ് രേഖപ്പെടുത്തിയിരിക്കുന്നത് 3,54,160/-രൂപയാണ്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഈയിനത്തിലുള്ള ഡിമാന്റ് 3,59,160/-രൂപയെന്ന് കാണുന്നു (രജിസ്റ്ററിൽ ഇതിനോടൊപ്പം രേഖപ്പെടുത്തിയിട്ടുള്ള സ്ഥാപന തൊഴിൽ നികുതിയിനത്തിലുള്ള 5,000/-രൂപ കുറവ് ചെയ്തതിനു ശേഷം).

1-1-12 തെറ്റായ ശീർഷകത്തിൽ വരവ് രേഖപ്പെടുത്തുന്നു

വാർഷിക കണക്ക് പ്രകാരം സ്ഥാപന തൊഴിൽ നികുതിയിനത്തിൽ തൻവർഷത്തെ ഡിമാന്റ്, കളക്ഷൻ 6,600/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ, ലെഡ്ജർ എന്നിവ പരിശോധിച്ചതിൽ 5,000/-രൂപ മാത്രമാണ് ഈയിനത്തിലുള്ള വരവെന്ന് കാണുന്നു.

1-1-13 പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന സ്ഥലം ആസ്തിയായി ഉൾപ്പെടുത്തുന്നില്ല

ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന സ്ഥലം 415120001- Local Self Government Institution Officer Building- Land എന്ന ശീർഷകത്തിൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ലായെന്ന് കാണുന്നു.

1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് 12.02.2024-ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 08-02-2025 ലെ 2(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

	വരവ്	ചെലവ്
പുതുക്കിയ ബജറ്റ് പ്രകാരം	₹15,83,53,176/-	₹15,61,39,900/-
വാർഷികകണക്ക്പ്രകാരം (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്പ്രകാരം)	₹12,89,96,143/-	₹12,52,77,393/-

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	₹8327432/-
വരവ്	₹48403212/-
ആകെ	₹56730644/-

ചെലവ്	₹47013354/-
നീക്കിയിരിപ്പ്	₹9717290/-

1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ താഴെപറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു.

A)ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് (ജനറൽ, എസ്.സി.പി.) എന്നീ ഫണ്ടുകളുടെ സോഴ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലെടുക്കാതെ ചെലവിൽ കാണിച്ചതു മൂലം ഈയിനങ്ങളുടെ വരവ്, ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

1. വികസന ഫണ്ട് (ജനറൽ)

ഇനം	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക	വാർഷിക കണക്ക് പ്രകാരമുള്ള തുക
വരവ്	5372508	7865000
ചെലവ്	7347668	7635510
നീക്കിയിരിപ്പ്	(-)1975160	229490

2. വികസന ഫണ്ട് (എസ്.സി.പി.)

ഇനം	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക	വാർഷിക കണക്ക് പ്രകാരമുള്ള തുക
വരവ്	1456228	1703000
ചെലവ്	1611908	1611908
നീക്കിയിരിപ്പ്	(-)155680	91092

B)ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ മുൻബാക്കി, പലിശയിനത്തിൽ ലഭിച്ച തുക എന്നിവ വരവിൽ ഉൾപ്പെടുത്താതിരുന്നതു മൂലവും, ചെലവുകൾ പൂർണമായും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്താതിരുന്നതു മൂലവും വരവിലും, ചെലവിലും നീക്കിയിരിപ്പിലും വ്യത്യാസം വന്നിട്ടുണ്ട്.

3. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)

ഇനം	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക	വാർഷിക കണക്ക് പ്രകാരമുള്ള തുക
മുന്നിരിപ്പ്	0	3264812
വരവ്	3238989	3238989
ആകെ	3238989	6503801
ചെലവ്	3337914	3337914
നീക്കിയിരിപ്പ്	(-)98925	3165887

4.ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)

ഇനം	ഗ്രാന്റ് സ്റ്റേറ്റ്മെന്റ്	യഥാർത്ഥ തുക

	പ്രകാരമുള്ള തുക	
മുന്നിരിപ്പ്	0	741185
വരവ്	1361160	1502476
ആകെ	1361160	2243661
ചെലവ്	1769274	1802835
നീക്കിയിരിപ്പ്	(-)408114	440826

1-4 ഗ്രാന്റ് വിനിയോഗം (വാർഷിക കണക്ക് പ്രകാരം)

ഫണ്ടിനം	മുന്നിരിപ്പ്	വരവ് (സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ)	ആകെ	ചെലവ് (സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ)	നീക്കിയിരിപ്പ്
വികസന ഫണ്ട് (ജനറൽ)	0	7865000	7865000	7635510	229490 (ലാപ്സായി)
വികസന ഫണ്ട് (എസ്.സി.പി)	0	1703000	1703000	1611908	91092 (ലാപ്സായി)
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	0	6581000	6581000	6581000	0
മെയിന്റനൻസ്ഗ്രാന്റ് (നോൺ റോഡ്)	0	6135000	6135000	6132039	2961 (ലാപ്സായി)
പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ബാങ്ക്	3264812	2959500	6224312	3195432	3028880 (നീക്കിയിരിപ്പ്)
പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ട്രഷറി	0	279489	279489	142482	137007 (ലാപ്സായി)
പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)- ബാങ്ക്	741185	1466453	2207638	1802835	404803 (നീക്കിയിരിപ്പ്)
പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) -ട്രഷറി	0	36023	36023	0	36023 (ലാപ്സായി)
ഹെൽത്ത് സെക്ടർ ഗ്രാന്റ് -സ്ക്കീം -3 രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	361323	429000	790323	524496	265827 (നീക്കിയിരിപ്പ്)
ഹെൽത്ത് സെക്ടർ ഗ്രാന്റ് -സ്ക്കീം -4 ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ	354616	250407	605023	162392	442631 (നീക്കിയിരിപ്പ്)

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ച	അടങ്കൽ	പൂർണമായും നടപ്പാക്കിയ	ചെലവ്	ഭാഗികമായി നടപ്പാക്കിയ	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പ്രോജക്ടുകളുടെ

പ്രോജക്ടുകൾ		പദ്ധതികൾ		പദ്ധതികൾ		%
167	115817005	102	41826349	22	43	61.08%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	1665	2102122	2103787	1952388	151399
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	44804612	44804612	44804612	0
ആകെ	1665	46906734	46908399	46757000	151399

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	2967600	182
വിധവാ പെൻഷൻ	5143400	354
വാർദ്ധക്യകാല പെൻഷൻ	12548200	984
വികലാംഗ പെൻഷൻ	1567600	96
അവിവാഹിത പെൻഷൻ	484600	29

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.11.2025 തീയതിയിൽ 02.20 PM സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി പരിശോധനയിൽ 9570/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ് ക്ലർക്ക്, അക്കൗണ്ടന്റ്, 2 സീനിയർ ക്ലാർക്ക്, 2 ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, 1 പാർട്ട് ടൈം സ്വീപ്പർ, പാർട്ട് ടൈം ലൈബ്രേറിയൻ എന്നിവർ ഉൾപ്പെടുന്നതാണ് ഓഫീസ് സംവിധാനം. ജീവനക്കാരുടെ ചുമതലകൾ 10.04.2023-ലെ 44/2023 നമ്പർ ഓഫീസ് ഉത്തരവ് മുഖേന സമഗ്രമായി പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. അതത് സമയങ്ങളിലെ ജോലികൾ നിർവഹിക്കുന്നതിനായി പ്രത്യേകമായും ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. തൻവർഷം ഇപ്രകാരം 14 ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ മേഖലകളിലെ പ്രവർത്തനങ്ങളിൽ മികവ് കൊണ്ടുവരാൻ ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന് സാധിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1.ഭരണസമിതിയുടെയും, വികസന, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റികളുടെയും മിനിട്സ് ഓൺലൈൻ സംവിധാനത്തിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും **ക്ഷേമകാര്യ, ആരോഗ്യ വിദ്യാഭ്യാസ** സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ മിനിട്സുകൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറിയിട്ടില്ല.

2.ഭരണസമിതിയുടെ മിനിട്സ് പ്രസിഡന്റിന്റെ അംഗീകാരത്തിനായി അയയ്ക്കുന്നതിൽ

കാലതാമസം നേരിടുന്നതായി കാണുന്നു. ഉദാഹരണമായി 15.06.2024-ൽ ചേർന്ന യോഗത്തിന്റെ മിനിട്സ് സെക്രട്ടറി അംഗീകാരത്തിനായി അയച്ചിരിക്കുന്നത് 04.09.2024-ൽ ആണ്.

3.ജനറൽ-കമ്പ്യൂട്ടർ ഹാർഡ്വെയർ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി പരിശോധന റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.ഗ്രാമ പഞ്ചായത്തിന്റെ ചെലവുകൾ പൂർണമായും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടാത്ത സാഹചര്യമുണ്ട്. തൻവർഷം അംഗീകാരം നേടി തുക ചെലവഴിച്ചതിനു ശേഷം പ്രോജക്ട് റിവിഷനു വേണ്ടി നല്കിയ സാഹചര്യത്തിൽ പ്രോജക്ടുകൾ അംഗീകരിക്കപ്പെടാതെ കിടക്കുന്നതു മൂലമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്.

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച വസ്തു പോക്കുവരവ് നടത്തി കരം ഒടുക്കുന്നതിന്റെ രേഖകൾ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ, പഞ്ചായത്ത് ഓഫീസിന് സമീപമുള്ളതും പെരുമ്പളം വില്ലേജിലെ സർവ്വേ നമ്പർ 41/12 ൽ ഉൾപ്പെട്ടിട്ടുള്ളതുമായ 24 ആർസ് 30 ച.മീ. സ്ഥലം (ഏകദേശം 60 സെന്റ് വസ്തു) പായിപ്പാട്ട് വീട്ടിൽ ദേവകിയമ്മ എന്നയാളിൽ നിന്നും 29.4.1992 ൽ ഗ്രാമ പഞ്ചായത്തിന്റെ പേരിൽ വാങ്ങിയിട്ടുള്ളതായി പാണാവള്ളി സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും നൽകിയ ആധാരത്തിന്റെ സർട്ടിഫൈഡ് കോപ്പിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി സ്ഥലം പഞ്ചായത്തിന്റെ പേരിൽ കൂട്ടി കരം തീർത്തതിന്റേയും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റേയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി (നം.16/25.11.2025) നൽകിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് വസ്തു ആർജ്ജിച്ചത് സംബന്ധിച്ച് പാണാവള്ളി സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും 2012 ൽ ലഭിച്ച ആധാരത്തിന്റെ ഒരു സർട്ടിഫൈഡ് കോപ്പി മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. നാളിതുവരെ സ്ഥലം പഞ്ചായത്തിന്റെ പേരിൽ കൂട്ടി കരം തീർക്കുകയോ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ ടി സ്ഥലം അതിർത്തി തിരിച്ച് വേലി കെട്ടി സംരംക്ഷിക്കുന്നതിനും നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ഭാവിയിൽ വസ്തു അന്യാധീനപ്പെടുന്നത് ഒഴിവാക്കുന്നതിനായി വസ്തു സംബന്ധിച്ച രേഖകൾ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും തരപ്പെടുത്തുന്നതിനും അതിർത്തി തിരിച്ച് വേലി കെട്ടി സംരക്ഷിക്കുന്നതിനും അടിയന്തരമായി നടപടി സ്വീകരിക്കേണ്ടതാണ്.

1-11 ഹോമിയോ ആശുപത്രിയ്ക്ക് ടോയ്ലറ്റ് - കൃത്യമായ നിരക്കിൽ പിഴ ഈടാക്കിയില്ല.

പ്രോജക്ടിന്റെ പേര് - ഹോമിയോ ആശുപത്രിയ്ക്ക് ടോയ്ലെറ്റ്.

പ്രോജക്ട് നമ്പർ – S0029/2025 (സ്പിൽ ഓവർ)
നിർവഹണം:അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ തുക – 559000/- (സി.എഫ്.സി ഗ്രാന്റ്)
പി.എ.സി തുക - 410455/-
എഗ്രിമെന്റ് നം. - 02/AE/LID&EW/ PBLM/2023-24 തീയതി 03.04.2023
സൈറ്റ് കൈമാറിയ തീയതി – 13.04.2023
കരാറുകാരൻ – അജു. എസ്
ആകെ ചെലവ് തുക – 461377/-
തൻവർഷത്തെ ചെലവ് തുക – 200862/-
വൗച്ചർ നം. – XVFC/2024-25/P/23/15.10.2024 – 200862/-

മേൽ പ്രവൃത്തി നടപ്പാക്കുന്നതിനായി ടെണ്ടർ ലഭിച്ച കരാറുകാരനായ അജു എസ് ഗ്രാമപഞ്ചായത്തുമായി 03.04.2023 ൽ കരാറിലേർപ്പെടുകയും 13.04.2023 ൽ സൈറ്റ് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം 6 മാസം പൂർത്തീകരണ കാലാവധിയുള്ള ടി പ്രവൃത്തി 13.10.2023 ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. അതിർത്തി തർക്കത്തെ തുടർന്ന് പഞ്ചായത്ത് ഭരണ സമിതിയുടെ 29.11.2023 ലെ 7(2) നമ്പർ തീരുമാന പ്രകാരം പൂർത്തീകരണ കാലയളവ് 6 മാസം കൂടി ദീർഘിപ്പിച്ച് നൽകിയിരുന്നു. ഇതനസരിച്ച് ടി പ്രവൃത്തി 12.04.2024 ൽ പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും അളവ് പുസ്തക പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 26.09.2024 ൽ മാത്രമാണ്. പദ്ധതി യഥാസമയം പൂർത്തിയാക്കാതിരുന്നതിനാൽ ഫൈനൽ ബില്ലിൽ നിന്നും 4925/- രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.
പൊതുമരാമത്ത് വകുപ്പിന്റെ 02.04.2024 ലെ ജി.ഒ(എം.എസ്) നം.21/2024/പി.ഡബ്ല്യൂ.ഡി ഉത്തരവനുസരിച്ച് കരാർ പ്രകാരമുള്ള പൂർത്തീകരണ സമയത്തിന് ശേഷമുള്ള ഓരോ ആഴ്ചയും പി.എ.സിയുടെ 0.1% നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കേണ്ടതാണ്. ഇതനുസരിച്ച് 13.4.2024 മുതൽ 26.9.2024 വരെയുള്ള കാലതാമസത്തിന് മേൽ പ്രവൃത്തിയ്ക്ക് താഴെപറയും പ്രകാരമാണ് പിഴ ചുമത്തേണ്ടിയിരുന്നത്.
പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസം – 167/7 – 23 ആഴ്ച.
ഓരോ ആഴ്ചയ്ക്കും പി.എ.സിയുടെ 0.1% എന്ന നിരക്കിൽ ഈടാക്കേണ്ട പിഴ – 410455 X 2.3% = 9440/-
ഈടാക്കിയ പിഴ തുക – 4925/-
കുറവ് വന്ന തുക – 9440 – 4925 = 4515/-
പിഴയിനത്തിലെ മുഴുവൻ തുകയും കരാറുകാരനിൽ നിന്നും ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.6/24.11.2025) അതിർത്തി തർക്കത്തെ തുടർന്ന് പഞ്ചായത്ത് ഭരണ സമിതിയുടെ 29.11.2023 ലെ 7(2) നമ്പർ തീരുമാന പ്രകാരം പൂർത്തീകരണ കാലയളവ് 6 മാസം കൂടി ദീർഘിപ്പിച്ച് നൽകിയിരുന്നുവെന്നും പിന്നീടുള്ള കാലതാമസത്തിന് 4925/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കിയെന്നുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. പിഴത്തുക കണക്കാക്കിയത് ശരിയായ നിരക്കിലല്ലാത്തതിനാൽ മേൽ പരാമർശിച്ച 4515/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-12 പച്ചക്കറി കൃഷി -സബ്സിഡി മാർഗരേഖയിൽ നിഷ്കർഷിച്ചതിലധികം തുക ധനസഹായം നല്കി

പ്രോജക്ട് നം.	S0074/25
പദ്ധതിയുടെ പേര്	പച്ചക്കറി കൃഷി കാർബൺ ന്യൂട്രൽ ഫാമിംഗ്
നിർവ്വഹണം.	കൃഷി ഓഫീസർ
അടങ്കൽ	₹2,33,300/- (വികസന ഫണ്ട്)
ചെലവ്	₹2,33,300/-
ബിൽ റെഫറൻസ് നം.	23060752012001507611 തീ.24.03.2024

മേൽ പ്രോജക്ട് പ്രകാരം ശ്രീകുമാർ.കെ.എ, കൂപ്പള്ളിൽ, പെരുമ്പളം എന്ന ഗുണഭോക്താവിന് പച്ചക്കറി കൃഷി കൂലിച്ചെലവ് സബ്സിഡിയിനത്തിൽ 25000/-രൂപ നല്കിയതായി കാണുന്നു. സ. ഉ (കൈ) നം. 115/2022/ 28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖ ഖണ്ഡിക 6.1.9 പട്ടിക ക്രമ നം.3 പ്രകാരം പന്തൽ ഉൾപ്പെടെയുള്ള പച്ചക്കറി കൃഷിക്ക് ഒരു ഗുണഭോക്താവിന് ഹെക്ടറിന് പരമാവധി 27,000/- രൂപ

അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ ഗുണഭോക്താവിന്റെ അപേക്ഷ പരിശോധിച്ചതിൽ ടിയാൻ 2 ഏക്കറിൽ (.81 ഹെക്ടർ) കൃഷി ചെയ്യുന്നതായാണ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിന് പരമാവധി അനുവദിക്കാവുന്ന കൂലിച്ചെലവ് സബ്സിഡി 21,870/-രൂപയാണ് (.81x27000). അധിക തുക (3130/-രൂപ) അനുവദിക്കാനുണ്ടായ കാരണം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകുയറിയ്ക്ക് (നം.1/24.11.2025) അധിക തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നല്കി. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഗുണഭോക്താവിൽ നിന്നും തുക ഈടാക്കാൻ കഴിയാത്തപക്ഷം അധിക തുക അനുവദിച്ച നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

1-13 കൃഷി ഓഫീസ് നവീകരണം - റീടെൻഷൻ തുക കുറവ് ചെയ്യാതെ കരാറുകാരന് അധികം തുക നൽകി

പ്രോജക്ടിന്റെ പേര് - കൃഷി ഓഫീസ് നവീകരണം

പ്രോജക്ട് നമ്പർ – S0105/2025 (സ്പിൽ ഓവർ)
അടങ്കൽ തുക – 750000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)
പി.എ.സി തുക - 633097/-
എഗ്രിമെന്റ് നം. - 04/AE/LID&EW/ PBLM/2023-24 തീയതി 09.11.2023
കരാറുകാരൻ – ഗോപി കെ.ജി
ആകെ ചെലവ് തുക – 723570/-
ചെലവ് വിവരം.
UTR No – RBI3052411694979 / 30.10.2024 – 360845/-
UTR No – RBI3572405110515 / 21.12.2024 – 321596/-
UTR No- RBI0842517448684/24.3.2025 – 41129/-

മേൽ പ്രവൃത്തിയുടെ പ്രൈസ് സോഫ്റ്റ്വെയർ പ്രകാരമുള്ള രണ്ടാം പാർട്ട് ബില്ലിലെ ആകെ പ്രവൃത്തി മൂല്യം 321596/- രൂപയാണ്. ഇതിൽ ജി.എസ്.ടി – 5452/-, ആദായ നികുതി – 2725/-, വർക്കേഴ്സ് വെൽഫെയർ വിഹിതം – 2725/-, റീടെൻഷൻ – 6813/- എന്നിവ കുറച്ച് കരാറുകാരന് നൽകേണ്ട തുക 303881/- രൂപയാണ്. എന്നാൽ തുക പിൻവലിച്ച് നൽകുന്നതിനായി ബിംസിൽ തയ്യാറാക്കിയ ബില്ലിൽ ആകെ പ്രവൃത്തി മൂല്യമായ 321594/- രൂപയിൽ നിന്നും മേൽ പരാമർശിച്ചവയിൽ റീടെൻഷൻ ഒഴികെയുള്ളവയും ടി കരാറുകാരൻ നടപ്പാക്കിയ പ്രോജക്ട് നം. S0111/2025, S0091/2025 എന്നിവ പ്രകാരമുള്ള ഫൈൻ തുകയായ 4967/- രൂപയും കുറവ് വരുത്തിയ ശേഷമുള്ള 305727/- രൂപ കരാറുകാരന് നൽകി.

രണ്ടാം പാർട്ട് ബില്ലിൽ നിന്നും റീടെൻഷൻ തുക കുറവ് വരുത്താതെ കരാറുകാരന് അർഹമായതിലും കൂടുതൽ തുക അനുവദിക്കേണ്ടി വന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് (നം. 7/24.11.2025) രണ്ടാം പാർട്ട് ബിൽ പ്രകാരമുള്ള തുക അനുവദിക്കുന്നതിനായി ബിംസിൽ ബിൽ തയ്യാറാക്കിയതിൽ സംഭവിച്ച പിഴവുകൊണ്ടാണ് റീടെൻഷൻ തുക ഈടാക്കാതിരുന്നതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത്. പ്രവൃത്തി പൂർത്തീകരിച്ച് 24.3.2025 ൽ ഫൈനൽ ബിൽ നൽകിയിട്ടുണ്ട്. പ്രൈസിൽ തയ്യാറാക്കിയ രണ്ടാം പാർട്ട് ബില്ലിൽ നിന്നും കുറവ് വരുത്തിയ റീടെൻഷൻ തുക കരാറുകാരനിൽ നിന്നും ഈടാക്കാതിരുന്നതിനാൽ, ഒന്നാം പാർട്ട് ബില്ലിൽ നിന്നും കുറവ് ചെയ്ത റീടെൻഷൻ തുക മാത്രം കരാറുകാരന് മടക്കി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-14 മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പദ്ധതി നടപ്പിലാക്കി

പ്രോജക്ടിന്റെ പേര് - എൽ.പി സ്ക്കൂൾ കുട്ടികൾക്ക് കരാട്ടെ, കുങ്ഫു പരിശീലനം
പ്രോജക്ട് നമ്പർ - S0042/24
അടങ്കൽ - 150000
നിർവ്വഹണം - എച്ച് എം, ഗവ. നോർത്ത് എൽ.പി.എസ്, പെരുമ്പളം
ചെലവു വിവരം - 213/09-05-24 രൂപ 150000/-

ഗ്രാമപഞ്ചായത്തിലെ നോർത്ത് ഗവ.എൽ.പി.എസ്, സൗത്ത് ഗവ.എൽ.പി.എസ്, ഗവ.എച്ച്.എസ്.എൽ.പി.എസ് എന്നീ സ്ക്കൂളുകളിലെ കുട്ടികൾക്ക് കരാട്ടെ, കുങ്ഫു പരിശീലനം നൽകിയതിന് ഓരോ സ്കൂളിലെയും പരിശീലനത്തിന് 50000/- രൂപ വീതം വികസന ഫണ്ടിൽ നിന്നും ആകെ 150000/- രൂപ പരിശീലകനായ മനോജ് കുമാർ.പി, പുളിക്കശ്ശേരി, പള്ളിപ്പുറം എന്നയാൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സബ്സിഡിയറി മാർഗ്ഗരേഖയിൽ എൽ.പി സ്ക്കൂൾ കുട്ടികൾക്ക് കരാട്ടെ, കുങ്ഫു പരിശീലനത്തിന് വികസനഫണ്ട് ചെലവഴിക്കുന്നതിന് നിർദ്ദേശമില്ല. വാർഷിക പദ്ധതി പ്രകാരം പ്രകാരം വനിത ശിശു വികസന വകുപ്പ് നടപ്പാക്കുന്ന നിർഭയ പദ്ധതി പ്രകാരമുള്ള കായിക വിദ്യാഭ്യാസ സംബന്ധമായ പ്രതിരോധ പരിശീലന പരിപാടികളായ തായ്കാണ്ട, ജൂഡോ, കരാട്ടെ, യോഗ, കളരി ഉൾപ്പെടെയുള്ള ആയോധന കലകളിൽ ഹൈസ്ക്കൂൾ/ഹയർ സെക്കണ്ടറി വിദ്യാർത്ഥിനികൾക്ക് മാത്രമാണ് പരിശീലനം നൽകാവുന്നത്. ഇപ്രകാരം പരിശീലനം നൽകുന്നതിന് സർക്കാർ ഉത്തരവ് /സർക്കുലർ എന്നിവ ഉണ്ടെങ്കിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് രേഖകൾ ഹാജരാക്കിയില്ല. ഇക്കാര്യം 2023-24 ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും രേഖകൾ ഹാജരാക്കുന്ന കാര്യത്തിലോ സർക്കാർ അനുമതി വാങ്ങി ഹാജരാക്കുന്ന കാര്യത്തിലോ നടപടികൾ സ്വീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 150000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-15 വനിത മൽസ്യതൊഴിലാളികൾക്കുള്ള ഐസ്ബോക്സുകൾ വിതരണം ചെയ്തില്ല

പ്രോജക്ട് നമ്പർ	S96/2025
പ്രോജക്ടിന്റെ പേര്	വനിത മൽസ്യതൊഴിലാളികൾക്ക് ഐസ്ബോക്സ് വിതരണം
അടങ്കൽ	87500/-
ചെലവ്	6875
നിർവ്വഹണം	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ
ഫണ്ടിനം	വികസനഫണ്ട്
ബിൽ നമ്പർ	5/24.03.2025

മേൽ പദ്ധതിയിലുൾപ്പെടുത്തി 4 വനിത മൽസ്യതൊഴിലാളികൾക്ക് ഐസ്ബോക്സ് വാങ്ങുന്നതിനായി വികസനഫണ്ടിൽനിന്ന് 6875/-രൂപ ചെലവഴിച്ചിട്ടുണ്ട്. 10.03.2025-ലെ 68 നമ്പർ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 3437/-രൂപ നിരക്കിൽ മൽസ്യഫെഡ്ഡിന്റെ വ്യാസ സ്റ്റോറിനാണ് ഐസ്ബോക്സ് വിതരണം ചെയ്യുന്നതിനായി തുക നല്കിയിട്ടുള്ളത്. എന്നാൽ നാളിതുവരെയായും ഐസ്ബോക്സുകൾ ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടില്ല. 50% ഗുണഭോക്തൃവിഹിതം നിശ്ചയിച്ചിട്ടുള്ള പദ്ധതിയിൽ ഒരു ഗുണഭോക്താവിൽ നിന്നും 1718/-രൂപ നിരക്കിൽ ഈടാക്കേണ്ടതിനുപകരം 2018/-രൂപയാണ് ഈടാക്കിയിട്ടുള്ളത്. ഇപ്രകാരം ഈടാക്കിയ തുകയായ 8072/-രൂപ 10.03.2025-ലെ രസീത് നമ്പർ 1241000714 പ്രകാരം പഞ്ചായത്തിൽ ഒടുക്കിയെങ്കിലും പ്രസ്തുത തുക നാളിതുവരെ ഐസ്ബോക്സ് വിതരണം ചെയ്യേണ്ട

സ്ഥാപനത്തിന് നൽകിയിട്ടില്ല. വ്യാസാ സ്റ്റോറിന് മുൻകൂറായി വില നല്കാതെ ഐസ്ബോക്സുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യില്ലായെന്നാണ് ഇതു സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.03/24.11.2025) മറുപടി ലഭിച്ചത്. പദ്ധതി പ്രകാരം ഗുണഭോക്തൃവിഹിതമായി വകയിരുത്തലിന്റെ 50% മാത്രം ഈടാക്കേണ്ടതായിരുന്നുവെങ്കിലും 1197 രൂപ അധികമായി ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയതായി പരിശോധനയിൽ ബോധ്യപ്പെട്ടു. അധികമായി ഈടാക്കിയ തുക ഗുണഭോക്താക്കൾക്ക് തുല്യമായ നിരക്കിൽ തിരികെ നൽകേണ്ടതാണ്. പദ്ധതി നാളിതുവരെ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ഇതിനായി ചെലവഴിച്ച 6875/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോക്തൃ വിഹിതമിനത്തിൽ ഈടാക്കിയ ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്തിയ തുക അടിയന്തിരമായി പിൻവലിച്ച് സ്ഥാപനത്തിന് നല്കി ഐസ്ബോക്സുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-16 വാട്ടർ പ്യൂരിഫയർ കൈപ്പറ്റ് വിവരം ഹാജരാക്കിയില്ല

പ്രോജക്ട് നം.	S0093/25
പദ്ധതിയുടെ പേര്	പഞ്ചായത്ത് ഓഫീസിലേയ്ക്കും ഘടക സ്ഥാപനങ്ങളിലേയ്ക്കും വാട്ടർ പ്യൂരിഫയർ
നിർവ്വഹണം	സെക്രട്ടറി
അടങ്കൽ	₹5,00,000/- (വികസന ഫണ്ട് - ജനറൽ)
ചെലവ്	₹4,99,601/-
ബിൽ റഫറൻസ് നം.	R032510188696തീ.25.03.2025

പഞ്ചായത്ത് ഓഫീസിലേയ്ക്കും ഘടക സ്ഥാപനങ്ങളിലേയ്ക്കും ഉപയോഗിക്കുന്നതിനായി വാട്ടർ പ്യൂരിഫയർ വാങ്ങുന്നതിനായാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചത്. തൻവർഷം ഈ പദ്ധതിയിലുൾപ്പെടുത്തി 9 വാട്ടർ പ്യൂരിഫയറുകൾ ജെം മുഖേന വാങ്ങിയതിന്റെ വിലയായി ആകെ ₹4,99,601/- ഫോർ ടെക്ക് സൊലൂഷൻസ് എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. വാങ്ങിയ വാട്ടർപ്യൂരിഫയറുകൾ ഇൻസ്റ്റാൾ ചെയ്ത് ഉപയോഗക്ഷമമാക്കിയോ എന്നുള്ള വിവരം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.9/24.11.2025) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് ഓഫീസിലേയ്ക്ക് വാങ്ങിയ പ്യൂരിഫയർ നിലവിൽ പ്രവർത്തനക്ഷമമായിട്ടില്ല. ഗവ. സൗത്ത് എൽ.പി.സ്കൂൾ, പെരുമ്പളത്തിനായി വാങ്ങിയ പ്യൂരിഫയർ കൈപ്പറ്റിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കൈപ്പറ്റ് രേഖകളുടെയും ഇൻസ്റ്റലേഷൻ വിവരങ്ങളുടെയും അഭാവത്തിൽ 4,99,601/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു. വിതരണം ചെയ്യാതവശേഷിക്കുന്ന വാട്ടർ പ്യൂരിഫയർ വിതരണം ചെയ്തും, 9 വാട്ടർ പ്യൂരിഫയറുകളുടെ ഇൻസ്റ്റലേഷൻ വിവരങ്ങൾ ലഭ്യമാക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്.

1-17 ആദായ നികുതി സ്രോതസിൽ കുറവ് ചെയ്തില്ല

ആദായ നികുതി നിയമം വകുപ്പ് 194J പ്രകാരം പ്രൊഫഷണൽ, ടെക്നിക്കൽ സേവനങ്ങൾ പ്രദാനം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് 30000/-രൂപയിൽ അധികം പ്രതിഫലം നല്കുന്ന

സന്ദർഭങ്ങളിൽ 2% സ്രോതസിൽ നികുതി കുറവ് ചെയ്യേണ്ടതാണ്.

പെരുമ്പളം ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതിയിൽ ടെക്നിക്കൽ സേവനം പ്രദാനം ചെയ്യുന്ന കെൽട്രോൺ എന്ന സ്ഥാപനത്തിന് തുക നല്കിയപ്പോൾ 2% സ്രോതസിൽ നിന്നും ആദായ നികുതി കുറവ് ചെയ്തില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം.	S0012/25
പദ്ധതിയുടെ പേര്	കമ്പ്യൂട്ടറിനും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.സി എടുക്കൽ
നിർവ്വഹണം	സെക്രട്ടറി
അടങ്കൽ	₹75,000/- (വികസന ഫണ്ട് - ജനറൽ)
ചെലവ്	₹60,817/-
ബിൽ റഫറൻസ് നം.	24060752011301510339 തീയതി 12.03.2025
തുക കൈപ്പറ്റിയ സ്ഥാപനം	കെൽട്രോൺ
ആകെ പ്രവൃത്തി മൂല്യം (ജി.എസ്.റ്റി കഴിച്ച്)	51540/-രൂപ
കുറവ് ചെയ്യേണ്ടിയിരുന്ന ആദായ നികുതി (2%)	₹1031/-

കെൽട്രോണിൽ നിന്നും ആകെ 1031/-രൂപ ആദായ നികുതിയിനത്തിൽ ഈടാക്കേണ്ടതായിരുന്നു. നികുതി സ്രോതസിൽ കുറവ് ചെയ്യാതിരുന്നതിന്റെ കാരണം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.3/24.11.2025) മറുപടി ലഭ്യമാക്കിയില്ല. തുക കെൽട്രോണിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 ടേക്ക് എ ബ്രേക്ക് നിർമ്മാണം - പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചില്ല

ഗ്രാമപഞ്ചായത്ത് കെട്ടിടത്തോട് അനുബന്ധമായി ടേക്ക് എ ബ്രേക്കിനായി കെട്ടിടവും മൂന്ന് ശൗചാലയങ്ങളും നിർമ്മിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപറയുന്ന രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

ക്രമ നം.	പ്രോജക്ടിന്റെ പേര്	അടങ്കൽ തുക	ചെലവ് തുക
01	ടേക്ക് എ ബ്രേക്ക് നിർമ്മാണം (പ്രോജക്ട് നം. 112/2025)	സി.എഫ്.സി ഗ്രാന്റ് – 422700 ശുചിത്വ മിഷൻ വിഹിതം – 986300/- ആകെ – 1409000/-	സി.എഫ്.സി ഗ്രാന്റ് – 422700 ശുചിത്വ മിഷൻ വിഹിതം – 422700/- ആകെ – 845400/-

02	ടേക്ക് എ ബ്രേക്ക് പൂർത്തീകരണം (പ്രോജക്ട് നം. 167/2025)	സി.എഫ്.സി ഗ്രാന്റ് – 326793/-	സി.എഫ്.സി ഗ്രാന്റ് – 207240/-

1) പദ്ധതി ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടില്ല

മേൽ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് കെട്ടിടത്തിന്റെ മുൻഭാഗത്തോട് അനുബന്ധമായി ടേക്ക് എ ബ്രേക്ക് കഫെറ്റീരിയ കെട്ടിടത്തിന്റേയും മൂന്ന് ശൗചാലയങ്ങളുടേയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ചെങ്കിലും നിലവിൽ ഈ ഭാഗം പഞ്ചായത്ത് ഓഫീസിന്റെ ഭാഗമായി തന്നെയാണ് പ്രവർത്തിക്കുന്നത്. പ്രോജക്ടിൽ ആസൂത്രണം ചെയ്തതുപോലെ ടേക്ക് എ ബ്രേക്ക് പ്രവർത്തനങ്ങൾക്കായി ഇത് നിലവിലും ഉപയോഗപ്പെടുത്തിയിട്ടില്ല. ടേക്ക് എ ബ്രേക്കിന്റെ ഭാഗമായി നിർമ്മിച്ച കഫെറ്റീരിയ കെട്ടിടം വാടകയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2) പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല

പ്രോജക്ട് നം.112/2025 പ്രകാരമുള്ള പ്രവൃത്തി നടപ്പാക്കുന്നതിനായി ടെണ്ടർ ലഭിച്ച കരാറുകാരനായ കെൽവിൻ കെ.ജി ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെടുകയും (കരാറിൽ നമ്പരും തീയതിയും രേഖപ്പെടുത്തിയിട്ടില്ല) 25.3.2024ൽ സൈറ്റ് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം 6 മാസം പൂർത്തീകരണ കാലാവധിയുള്ള ടി പ്രവൃത്തി 25.9.2024 ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ അളവ് പുസ്തക പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 03.03.2025 ൽ മാത്രമാണ്. എന്നാൽ പദ്ധതി യഥാസമയം പൂർത്തിയാക്കാതിരുന്ന കരാറുകാരനിൽ നിന്നും പൊതുമരാമത്ത് വകുപ്പിന്റെ 02.04.2024 ലെ ജി.ഒ(എം.എസ്) നം.21/2024/പി.ഡബ്ല്യൂ.ഡി ഉത്തരവനുസരിച്ചുള്ള പിഴ ഈടാക്കിയതായി കാണുന്നില്ല. മേൽ ഉത്തരവനുസരിച്ച് കരാർ പ്രകാരമുള്ള പൂർത്തീകരണ സമയത്തിന് ശേഷമുള്ള ഓരോ ആഴ്ചയും പി.എ.സിയുടെ 0.1% നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കേണ്ടതാണ്. ഇതനുസരിച്ച് മേൽ പ്രവൃത്തിയ്ക്ക് താഴെപറയും പ്രകാരമാണ് പിഴ ചുമത്തേണ്ടിയിരുന്നത്.

പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസം – 159/7 – 22 ആഴ്ച.

പി.എ.സി തുക – 1180325.

ഓരോ ആഴ്ചയ്ക്കും പി.എ.സിയുടെ 0.1% എന്ന നിരക്കിൽ ഈടാക്കേണ്ട പിഴ – 1180325 X 2.2% = 25967/-

പിഴ തുക കരാറുകാരനിൽ നിന്നും ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൗയറിയ്ക്ക് (നം.5/24.11.2025) ടേക്ക് എ ബ്രേക്ക് പൂർത്തീകരണം (പ്രോജക്ട് നം. 167/2025) എന്ന രണ്ടാമത്തെ പ്രവൃത്തിയ്ക്ക് LOA പ്രകാരം ഒരു വർഷം പൂർത്തീകരണ കാലാവധി നൽകിയതിന്റെ രേഖകളാണ് മറുപടിയോടൊപ്പം ഹാജരാക്കിയത്. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. മേൽ പരാമർശിച്ച 25967/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-19 ലൈഫ് ഭവന പദ്ധതി-മുൻകൂർ കൈപ്പറ്റി ദീർഘനാളായിട്ടും പണി ആരംഭിച്ചില്ല

പെരുമ്പളം ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങളടങ്ങിയ രജിസ്റ്ററും അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ മുൻകൂർ തുക കൈപ്പറ്റി ദീർഘനാളായിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ല.

ക്രമ	ഗുണഭോക്താവിന്റെ	വാർഡ്	കൈപ്പറ്റിയ	അവസാന

നം.	പേര്, മേൽവിലാസം	നമ്പർ	തുക	ഗഡു കൈപ്പറ്റിയ തീയതി
1	രതിക ബിജു, പണ്ടാരപാട്ടത്തിൽ	VIII	40000/-	15.12.2023
2	മഞ്ചു, തോട്ടുപുറത്ത്	IV	40000/-	24.03.2022

ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.13/25.11.2025) ഗുണഭോക്താക്കൾ ഫൗണ്ടേഷൻ പൂർത്തീകരിച്ച് വരുന്ന മുറയ്ക്ക് അടുത്ത ഗഡു നല്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കൾക്ക് ആവശ്യമായ ഉപദേശം നല്കി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ഭവന നിർമാണം പൂർത്തീകരിക്കാൻ തയ്യാറാകാത്ത പക്ഷം മുൻകൂർ നല്കിയ തുക ഗുണഭോക്താക്കളിൽ നിന്നും പലിശ സഹിതം ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-20 പ്രോജക്ട് ചെലവുകൾ പൂർണമായും സുലേഖയിൽ നിന്നുള്ള പ്ലാൻ എക്സ്പന്റീച്ചറിൽ ഉൾപ്പെടുത്തുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ മോണിറ്ററിംഗിനായുള്ള സുലേഖ സോഫ്റ്റ്വെയറിൽ നിന്നുള്ള പ്ലാൻ എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റിൽ ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിചെലവുകൾ പൂർണമായും ഉൾപ്പെട്ടിട്ടില്ല.

2024-25 സാമ്പത്തിക വർഷം വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ ചെലവുകളാണ് സുലേഖ സോഫ്റ്റ്വെയറിൽ നിന്നുള്ള പ്ലാൻ എക്സ്പന്റീച്ചറിൽ ഉൾപ്പെടാതെ വന്നത്.

ക്രമ നം.	പ്രോജക്ട് നം./പേര്	ഫണ്ട്	ചെലവഴിച്ച തുക	നിർവഹണം
1	S0016/25 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്	വികസന ഫണ്ട്-ജനറൽ	287842/-	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്
2	S0036/25 പഞ്ചായത്ത് ഓഫീസ് നവീകരണം	ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ്	33561/-	അസിസ്റ്റന്റ് എഞ്ചിനീയർ

സംസ്ഥാന ആസൂത്രണ കമ്മീഷനും സംസ്ഥാന സർക്കാരും അടക്കമുള്ളവർ പദ്ധതി ചെലവ് സംബന്ധിച്ച് ആധികാരിക രേഖയായി കണക്കാക്കിയിട്ടുള്ള സോഫ്റ്റ്വെയർ സംവിധാനത്തിൽ ഇത്തരം പിശകുകൾ വരുത്തുന്നത് ആശാസ്യമല്ല. പദ്ധതി ചെലവുകൾ യഥാസമയം സുലേഖയിൽ രേഖപ്പെടുത്തുന്നതിനും, ചെലവ് ചെയ്തതിനു ശേഷം റിവൈസ് ചെയ്യപ്പെടുന്ന പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമായിട്ടുണ്ടെന്നുള്ളത് ഉറപ്പു വരുത്തേണ്ടതുമാണ്.

1-21 സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷിയ്ക്ക് നിലമൊരുക്കൽ

തൻവർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയിട്ടുള്ള പദ്ധതികളിൽ ഭൂരിഭാഗവും സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ കൃഷിയ്ക്ക് നിലമൊരുക്കൽ എന്ന വിഭാഗത്തിൽ ഉൾപ്പെട്ടതാണ്. ഇവയ്ക്കായി സെക്യൂർ സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ

എസ്റ്റിമേറ്റ് പ്രകാരമല്ല പദ്ധതികൾ നിർവ്വഹണം നടത്തിയിട്ടുള്ളതെന്ന് അളവ് പുസ്തകം പരിശോധിച്ചതിൽ ബോധ്യപ്പെടുകയുണ്ടായി. എസ്റ്റിമേറ്റ് പ്രകാരം ഒന്നാം ഇനമായ "Surface Dressing And Land Levelling Of The Ground Including Removing Vegitation And Undulations Not Exceeding 0.15m Deep And Disposal Of Rubbish, Lead Upto 50m And Lift Upto 1.5m" എന്ന പ്രവൃത്തി ചെയ്യുന്ന സ്ഥലത്തിന്റെ ഏകദേശം പകുതി സ്ഥലത്ത് മാത്രമേ രണ്ടാം ഇനമായ Preparation Of Field Bunds/ Marginal Bunds In All Kinds Of Soil എന്ന ഇനം ചെയ്യേണ്ടതുള്ളു. അതായത് ഓരോ ബണ്ടിന് ഇടയിലും പച്ചക്കറി തൈ പരിപാലനത്തിനായി നിശ്ചിത സ്ഥലം ഒഴിവാക്കിയിടേണ്ടതിനാൽ, സർഫസ് ഡ്രസിംഗ് ചെയ്യുന്ന ഏരിയയുടെ പരമാവധി 50% സ്ഥലത്ത് മാത്രമേ കൃഷി ആവശ്യത്തിനായി ബണ്ട് നിർമ്മിക്കുവാൻ പാടുള്ളു. എന്നാൽ തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി സർഫസ് ഡ്രസിംഗ് ചെയ്യുന്ന സ്ഥലത്തിന്റെ 75%-ൽ അധികം സ്ഥലം ബണ്ട് നിർമ്മാണം നടത്തുന്നതിനായി കാണുന്നു.

ഉദാഹരണത്തിന് സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കൃഷിയ്ക്ക് നിലമൊരുക്കൽ വാർഡ് 8-ൽ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അനുസരിച്ച് ഒന്നാം ഇനമായ സർഫസ് ഡ്രസിംഗ് എന്നത് 1942 ച.മീ. അളവിലും രണ്ടാം ഇനമായ ബണ്ട് നിർമ്മാണം എന്ന ഇനം 1037 ച.മീ. സ്ഥലത്ത് 518 ഘ.മീ. അളവിലുമാണ് പരമാവധി ചെയ്യാവുന്നത്. അതായത് ഓരോ ബണ്ടിന് ഇടയിലും പച്ചക്കറി തൈ പരിപാലനത്തിനായി നിശ്ചിത സ്ഥലം ഒഴിവാക്കിയിടേണ്ടതിനാൽ, സർഫസ് ഡ്രസിംഗ് ചെയ്യുന്ന ഏരിയയുടെ പരമാവധി 50% സ്ഥലത്ത് മാത്രമേ കൃഷി ആവശ്യത്തിനായി ബണ്ട് നിർമ്മിക്കുവാൻ പാടുള്ളു. എന്നാൽ അളവ് പുസ്തകം പരിശോധിച്ചതിൽ, എസ്റ്റിമേറ്റ് പ്രകാരമുള്ള 1942 ച.മീറ്ററിൽ സർഫസ് ഡ്രസിംഗ് നടത്തുകയും അതിൽ 1452 ച.മീ. (75%) സ്ഥലത്ത് ബണ്ട് തയ്യാറാക്കുകയും ചെയ്തതിന് തുക ചെലവഴിച്ചിട്ടുണ്ട്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം. 15/25.112.25) മറുപടി നൽകിയില്ല. എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള പ്രകാരം പദ്ധതി നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-22 ഹെൽത്ത് ഗ്രാന്റ് -അവലോകനം

സംസ്ഥാനങ്ങളുടെ ആരോഗ്യ മേഖലയിലേക്ക് നൽകുന്ന പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗം സംബന്ധിച്ച മാർഗരേഖ പ്രകാരം ഗ്രാമീണ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഹെൽത്ത് ഗ്രാന്റ് 2021-22 വർഷം മുതൽ 2025-26 വർഷം വരെയാണ് അനുവദിക്കുന്നത്. 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ സ്കീം 3, 4 പ്രകാരമുള്ള പ്രോജക്ടുകൾക്കാണ് തുക വകയിരുത്തി നടപ്പാക്കിയിട്ടുള്ളത്. പെരുമ്പളം ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും 2023-24 സാമ്പത്തിക വർഷം മുതലാണ് ഹെൽത്ത് ഗ്രാന്റ് ലഭിച്ചു തുടങ്ങിയതും ചെലവഴിച്ചു തുടങ്ങിയതും.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ഹെൽത്ത് ഗ്രാന്റ് ഗ്രാമ പഞ്ചായത്തിൽ ലഭിച്ചതിന്റെയും ഇത് ഉപയോഗിച്ച് നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സ്കീം 3,4 പ്രകാരം ഗ്രാമ പഞ്ചായത്തിന് ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം

സ്കീം-3

വർഷം	ലഭിച്ച തുക	ചെലവഴിച്ച തുക
2023-24	678858	326974
2024-25	256338	351884

സ്കീം-4

വർഷം	ലഭിച്ച തുക	ചെലവഴിച്ച തുക

2023-24	349000	0
2024-25	429000	348999

ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനായി തദ്ദേശസ്ഥാപനം ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം

വർഷം	ഗ്രാന്റ്	വകയിരുത്തിയ തുക	ചെലവഴിച്ച തുക
2023-24	സൗത്ത് പ്രാഥമിക ആരോഗ്യ ഉപകേന്ദ്രം-രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (S0143/24)	₹250000	₹85600
2023-24	മെയിൻ സെന്റർ- രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (S0144/24)	₹250000	₹187127
2023-24	നോർത്ത് പ്രാഥമിക ഉപകേന്ദ്രം- രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (S0143/24)	₹94000	₹54247
	ആകെ (2023-24)		₹326974
2024-25	ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുക (S0149/25)	₹268959	₹149638
2024-25	സൗത്ത് കുടുംബാരോഗ്യ ഉപകേന്ദ്രം മെച്ചപ്പെടുത്തൽ (S0150/25)	₹100000	₹98683
2024-25	നോർത്ത് പ്രാഥമിക ഉപകേന്ദ്രം രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (S0151/25)	₹39753	₹37705
2024-25	മെയിൻ സെന്റർ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (S0152/25)	₹62873	₹62000
2024-25	എഫ്.എച്ച്.സി പെരുമ്പളം ഹെൽത്ത് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ	₹129000	₹79297

	(S0153/25)		
2024-25	സൗത്ത് പ്രാഥമികാരോഗ്യ ഉപകേന്ദ്രം രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (S0154/25)	₹164400	₹102541
2024-25	നോർത്ത് സബ്സെന്റർ ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ (S0155/25)	₹40000	₹34250
2024-25	ഹെൽത്ത് & വെൽനസ് സെന്ററിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക (S0156/25)	₹136942	₹136769
	ആകെ (2024-25)		₹700883

വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള വരവ് ചെലവ് കണക്കുകളിൽ പൊരുത്തക്കേടുകൾ ഉണ്ട്. ഗ്രാമ പഞ്ചായത്തിലെ ആരോഗ്യമേഖല അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളും ഇനിയും പൂർണ്ണമായി പരിഹരിക്കപ്പെടാത്ത സാഹചര്യത്തിൽ, പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെ അവലോകനം ചെയ്ത് വന്നിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിനും ഗ്രാമ പഞ്ചായത്തിലെ ഏതെല്ലാം മേഖലകളിലെ ജനങ്ങൾക്കാണ് ആശുപത്രിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന വിവിധ സേവനങ്ങൾ ലഭ്യമാകാത്തതെന്നും ഏതെല്ലാം മേഖലകളിലാണ് കൂടുതൽ ശ്രദ്ധിക്കേണ്ടതെന്നും പോരായ്മകൾ കൂടുതൽ നിലനിൽക്കുന്നതെന്നും വിലയിരുത്തി പദ്ധതി മുൻഗണനകൾ പുതുക്കി നിശ്ചയിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുണ്ട്. പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന തുക വിനിയോഗിച്ച് പരമാവധി ഗുണഭോക്താക്കൾക്ക് ആരോഗ്യപരിരക്ഷയും മികച്ച സേവനവും ഉറപ്പുവരുത്തുന്നതിന് മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാവശ്യമാണ്. ഇത് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 ജലജീവൻ മിഷൻ പദ്ധതി നടത്തിപ്പ് - അവലോകനം

എല്ലാ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽ ജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ടമായ ഗുണമേന്മയോടെ മുടങ്ങാതെ നൽകുകയെന്നതുമാണ് പദ്ധതിയുടെ ലക്ഷ്യം.

ജൽജീവൻ മിഷൻ - കേരളം

ജൽജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്തഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചുകൊണ്ടും 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകികൊണ്ടും 08.06.2020 ൽ സ.ഉ.(കൈ)37/2020/ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024-നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ,

ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യം. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്. സംസ്ഥാന വിഹിതത്തിന്റെ 15% തുക തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമാണ്. കൂടാതെ 10% തുക ഗുണഭോക്തൃ വിഹിതവും നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി രേഖ

സ.ഉ.(കൈ)നം.37/2020/ജ.വി.വ./08.06.2020 നമ്പർ ഉത്തരവ് പ്രകാരമുള്ള ജൽ ജീവൻ മിഷൻ നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള "ഗ്രാമപഞ്ചായത്ത്തല കർമ്മ പദ്ധതി" നാളിതുവരെ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല. ജൽ ജീവൻ പദ്ധതിയുടെ ഭാഗമായുള്ള ബോധവൽക്കരണവും ശാക്തീകരണവും, ജലസാക്ഷരതാ പ്രവർത്തനങ്ങൾ, പരസ്യ പ്രചാരണ പരിപാടികൾ, ജലഗുണനിലവാര പരിശീലനങ്ങൾ ഉൾപ്പെടെയുള്ള സാമൂഹിക സംഘാടന പരിപാടികളിൽ ഇടപെടൽ നടത്തേണ്ടത് നിർവ്വഹണ സഹായ സംഘടനകളാണ്. ഇടുക്കി കഞ്ഞിക്കുഴി ആസ്ഥാനമായി പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ ഓറിയന്റേഷൻ ആന്റ് റൂറൽ ഡെവലപ്മെന്റ് (SORD) എന്ന സ്ഥാപനത്തെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജില്ലാ കുടിവെള്ള ശുചിത്വമിഷൻ മെമ്പർ സെക്രട്ടറി, നിർവ്വഹണ സഹായ ഏജൻസി എന്നിവർ ചേർന്നുള്ള ത്രികക്ഷി കരാറിൽ ഏർപ്പെട്ടു വേണം പദ്ധതി ആരംഭിക്കേണ്ടത്. ഭൂരിഭാഗവും നിലവിലുള്ള സ്രോതസ്സിന്റെ കാലഹരണപ്പെട്ട വിതരണ കുഴലുകൾ മാറ്റുന്ന പ്രവൃത്തി ആയതിനാൽ കുടിവെള്ള വിതരണം തടസ്സമില്ലാതെ നടത്താൻ സാധിക്കുന്നുവെന്നതാണ് പദ്ധതിയുടെ മറ്റൊരു പ്രത്യേകത.

പദ്ധതിയുടെ തൽസ്ഥിതി വിവരം

ജൽ ജീവൻമിഷൻ പദ്ധതിയ്ക്കായി തുക വകയിരുത്തുകയോ, ചെലവഴിക്കുകയോ വിഹിതം നൽകുകയോ ചെയ്തിട്ടില്ലെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വെള്ളത്താൽ ചുറ്റപ്പെട്ട പെരുമ്പളം ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും നിലവിലും പരമ്പരാഗത ജലസ്രോതസ്സുകളെയാണ് കുടിവെള്ളത്തിനായി പ്രധാനമായും ആശ്രയിക്കുന്നത്. വാട്ടർ അതോറിറ്റി മുഖേനയുള്ള പൊതുടാപ്പുകളൊന്നും പഞ്ചായത്ത് പ്രദേശത്ത് നിലവിലില്ല. ആയതിനാൽ പൊതുടാപ്പുകളുടെ കുടിവെള്ളക്കരമായി പഞ്ചായത്ത് തുകയൊന്നും ചെലവഴിക്കുന്നുമില്ല. ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതി വഴി എല്ലാവർക്കും ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പ് വരുത്താനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പച്ചക്കറി കൃഷി -സബ്സിഡി മാർഗരേഖയിൽ നിഷ്കർഷിച്ചതിനേക്കാൾ അധികം തുക അനുവദിച്ചു.

പ്രോജക്ട് നം.	S0074/25

പദ്ധതിയുടെ പേര്	പച്ചക്കറി കൃഷി കാർബൺ ന്യൂട്രൽ ഫാമിംഗ്
നിർവ്വഹണം	കൃഷി ഓഫീസർ
അടങ്കൽ	₹2,33,300/- (വികസന ഫണ്ട്)
ചെലവ്	₹2,33,300/-
ബിൽ റഫറൻസ് നം.	23060752012001507611 തീയതി 24.03.2024

മേൽ പ്രോജക്ട് പ്രകാരം ശ്രീകുമാർ.കെ.എ, കൂപ്പുള്ളിൽ, പെരുമ്പളം എന്ന ഗുണഭോക്താവിന് പച്ചക്കറി കൃഷി കൂലിച്ചെലവ് സബ്സിഡിയിനത്തിൽ 25000/-രൂപ നല്കിയതായി കാണുന്നു. സ. ഉ (കൈ) നം. 115/2022/28.05.2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖ ഖണ്ഡിക 6.1.9 പട്ടിക ക്രമ നം.3 പ്രകാരം പന്തൽ ഉൾപ്പെടെയുള്ള പച്ചക്കറി കൃഷിക്ക് ഒരു ഗുണഭോക്താവിന് ഹെക്ടറിന് പരമാവധി 27,000/- രൂപ അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ ഗുണഭോക്താവിന്റെ അപേക്ഷ പരിശോധിച്ചതിൽ ടിയാൻ 2 ഏക്കറിൽ (.81 ഹെക്ടർ) കൃഷി ചെയ്യുന്നതായാണ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിന് പരമാവധി അനുവദിക്കാവുന്ന കൂലിച്ചെലവ് സബ്സിഡി 21870/-രൂപയാണ് (.81x27000). അധിക തുക (3130/-രൂപ) അനുവദിക്കാനുണ്ടായ കാരണം അറിയിക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകുയറിയ്ക്ക് (നം.1/24.11.2025) അധിക തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നല്കി. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഗുണഭോക്താവിൽ നിന്നും തുക ഈടാക്കാൻ കഴിയാത്തപക്ഷം അധിക തുക അനുവദിച്ച നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി നിർണയിക്കുന്നതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് പ്രീമിയം

1) മെഡിസെപ്പ് പ്രീമിയം ഒടുക്ക് – റഗുലർ ജീവനക്കാർ

ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയമിനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയമിനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
13	52500/-	52500/-	0	-

2) **മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.4.24 മുതൽ 30.6.24 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ**

ഇല്ല

3) മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.7.24 ൽ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ

ഇല്ല

4) **മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.8.24 മുതൽ 31.3.25 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ**

ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം	സർവീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയമിനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയമിനത്തിൽ ഒടുക്കിയ	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്

			തുക		
1	2025 ജനുവരി	1000/-	0	1000	മെഡിസെപ് ഐ.ഡി ലഭിക്കാത്തതിനാൽ ഒടുക്കിയില്ല

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2024-25	386000	S0041/25 ലൈഫ് ഭവന പദ്ധതി- ജനറൽ	386000	0
	2024-25	32079	S0079/25 അനുപൂരക പോഷകാഹാര വിതരണം അങ്കണവാടികളിൽ	32079	0
	2024-25	251504	S0053/25 അനുപൂരക പോഷകാഹാര വിതരണം അങ്കണവാടികളിൽ	251504	0
	2024-25	218900	S0054/25 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്	218900	0
	2024-25	49950	S0077/25 പാലിയേറ്റീവ് പരിചരണം	49950	0
	2024-25	103040	S0060/25 പാലിയേറ്റീവ് പരിചരണം	103040	0
	2024-25	286300	S0042/25 ലൈഫ് ഭവന പദ്ധതി-എസ്.സി	286300	0
	2024-25	500000	S0134/25 വാത്തികാട് മാർക്കറ്റ് പുനരുദ്ധാരണം	500000	0
ആകെ		1827773		1827773	
ജില്ലാ പഞ്ചായത്ത്	2024-25	1880000	S0041/25 ലൈഫ് ഭവന പദ്ധതി- ജനറൽ	1880000	0
	2024-25	72000	S0054/25 ശാരീരികമാനസിക വെല്ലുവിളിനേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്	72000	0

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
	2024-25	273736	S0053/25 അനുപൂരക പോഷകാഹാര വിതരണം അങ്കണവാടികളിൽ	273736	0
ആകെ		2225736		2225736	

4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5 വായ്പ /വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷ വരവ്	ആകെ	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
					മുതൽ	പലിശ	
ഹഡ്കോ വായ്പ	ലഭ്യമല്ല	15618546	6277380	21895926	2082264		19813662

4-6 സ്ഥിരനിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 12792/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	തുക ഒടുക്കിയ വ്യക്തിയുടെ പേര്	രശീത് നമ്പർ തീയതി
2023-24	ഓഡിറ്റ് എൻകയറി നം.6	80	അജി.കെ.ഡി, വി.ഇ.ഒ	1240900050/ 01.10.2024
2023-24	ഓഡിറ്റ് എൻകയറി നം.10	2542	ശ്രീഗോവിന്ദ്, കരാറുകാരൻ	1240900049/ 01.10.2024
2023-24	ഓഡിറ്റ് എൻകയറി നം.10	9748	കെൽവിൻ.കെ.ജി, കരാറുകാരൻ	1240900052/ 03.10.2024
2023-24	ഓഡിറ്റ് എൻകയറി നം.10	422	കെൽവിൻ.കെ.ജി, കരാറുകാരൻ	1240900053/ 03.10.2024
ആകെ		12792		

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹48403212/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹47013354/-
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	₹3,130/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	**₹6,56,476**

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ (രൂപ)	സർചാർജ് ചെയ്യാവുന്നവ (രൂപ)	
3-1 (1-12)		3,130	ശ്രീമതി വർഷ ബാബു, കൃഷി ഓഫീസർ
ആകെ		**₹3,130/-**	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-14	₹1,50,000	ശ്രീ.ബിജു.എസ്, ഹെഡ്മാസ്റ്റർ, ഗവ.എച്ച്.എസ്.എൽ.പി.എസ്., പെരുമ്പളം
1-15	₹6,875/-	ശ്രീമതി ഗോപിക സുരേഷ് ബാബു, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ
1-16	₹4,99,601	ശ്രീ.സജി.പി.ആർ, സെക്രട്ടറി
ആകെ	**₹6,56,476**	

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക നമ്പർ	തുക(₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-17	₹1,031	ശ്രീ.സജി.പി.ആർ, സെക്രട്ടറി

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ) **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.സജി.പി.ആർ, സെക്രട്ടറി	സെക്രട്ടറി, വയലാർ ഗ്രാമപഞ്ചായത്ത്	സിന്ധു നിവാസ് ചേർത്തല സി.എം.സി-13 ആലപ്പുഴ
ശ്രീമതി വർഷ ബാബു, കൃഷി ഓഫീസർ	കൃഷി ഓഫീസർ, പെരുമ്പളം ഗ്രാമപഞ്ചായത്ത്	വേലിക്കകത്ത് ഹൗസ് അരൂക്കുറ്റി.പി.ഒ ചേർത്തല ആലപ്പുഴ
ശ്രീമതി ഗോപിക സുരേഷ് ബാബു, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, മത്സ്യഭവൻ, ആലുവ	40/1021 ചില്ലിക്കൂട്ടത്തിൽ ഹൗസ് പവർഹൗസ് റോഡ് പാലാരിവട്ടം കൊച്ചി
ശ്രീ.ബിജു എസ്., ഹെഡ്മാസ്റ്റർ, ഗവ.എച്ച്.എസ്.എൽ.പി.എസ്.	ഹെഡ്മാസ്റ്റർ, ഗവ.എച്ച്.എസ്. എൽ.പി.എസ്.	ചെറുകാട്ട്, തൃച്ചാറ്റുകുളം പി. ഒ., ചേർത്തല ആലപ്പുഴ
ശ്രീമതി ദീപ്തി ജയിംസ്, അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ, ഉദയനാപുരം ഗ്രാമപഞ്ചായത്ത്	പുത്തൻപറമ്പിൽ ഹൌസ്, തോന്നക്കാട് പി.ഒ, ചെറിയനാട്, ആലപ്പുഴ

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1996-97	എൽ.എഫ്.ജി.എ5-1832/11/16.01.12
1997-98	എൽ.എഫ്.ജി.എ5 -1832/11/16.01.12
2001-02	എൽ.എഫ്.ജി.എ5-1832/11/16.1.2012
2006-07, 07-08	എൽ.എഫ്.എ8-40,41/2010/16.7.2010
2008-09	എൽ.എഫ്.എ.പി2-1207/2011/10.1.2012/11.4.2012
2009-10	എൽ.എഫ്.എ.പി2-1208/2011/10.1.2012/11.4.2012
2010-11 & 2011-12	കെ.എസ്.എ-എ.എൽ.പി-പി4/1238/2022/ 30.11.2022
2012-13	
2013-14	
2014-15	

2015-16	
2016-17	കെ.എസ്.എ-എ.എൽ.പി-പി11/1034/17/ 05.08.2017
2017-18	കെ.എസ്.എ-എ.എൽ.പി-പി11/1295/2018/05.09.2018
2018-19	കെ.എസ്.എ-എ.എൽ.പി/പി4-119/2020 തീയതി 29.05.2020
2019-20	കെ.എസ്.എ-എ.എൽ.പി/പി4-382/2021 തീയതി 12.04.21
2020-21	കെ.എസ്.എ-എ.എൽ.പി/പി4-655/2022 തീയതി 03.07.22
2021-22	കെ.എസ്.എ-എ.എൽ.പി/പി4-30/2023 തീയതി 23.02.2023
2022-23	കെ.എസ്.എ-എ.എൽ.പി/പി4-1055/2023 തീയതി. 03.10.2023
2023-24	കെ.എസ്.എ-എ.എൽ.പി/പി4-927/2024 തീയതി. 29.11.2024

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 4(1) dated 14-07-2025 and submitted on 14-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Perumbalam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Perumbalam Grama Panchayat as on 31-03-2025

Date: 23/12/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Perumbalam Grama Panchayat for the Year 2024-2025.

1.Major Observations

1.The land owned by the panchayat is not included as an asset in the Annual Financial Statement.

2.Other Observations

1) The mandatory financial statements such as ratios, notes on accounts prescribed in accounting rules are not submitted for audit.

2) Net increase / decrease in cash flow does not match with the differernce between the opening and closing balance of cash and cash equivalens.

3)No further action taken to adust the amount directly debited by bank.

4)Annual Financial Statements does not match with Expenditure statement from Sulekha Software.

5)Receipt and payment in respect of MGNREGS not properly accounted.

6)Receipt and payment in respect of Health grants not accounted in proper account head.

7)The following registers are not properly maintained .

a)Deposit Register

b)Advance Register

8)Liability shown in the Balance Sheet inrespect of CFC Grant and Share from District Panchayath and Block Panchayath for Joint venture projects does not tally with the bank/treasury account opened for the purpose.

9)Lapses in making timely and accurate demand entries in taxes and non taxes revenue.

10)Expenditure accounted in wrong account head.

11)Profession tax employees Demand in AFS mismatch with register.

12)Receipt issued in wrong account head.

Deputy Director

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്